നമ്പർ 82/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

പരിശുദ്ധ സഭയിലെ സീനിയർ മെത്രാപ്പോലീത്തന്മാരിൽ ഒരാളും നമ്മുടെ കാനഡാ - യു.കെ - യൂറോപ്പ് മെത്രാസനാധിപനുമായിരുന്ന അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അപ്രതീക്ഷിത ദേഹവിയോഗം നമുക്ക് ഇനിയും ഉൾക്കൊള്ളുവാൻ സാധിച്ചിട്ടില്ല എങ്കിലും സ്വർഗ്ഗീയ മഹോന്നതങ്ങളിൽ പരിശുദ്ധ മാലാഖമാരോടും പുണ്യവാന്മാരായ പൂർവ്വ പിതാക്കന്മാരോടുമൊപ്പം ആ പിതാവ് ദൈവസന്നിധിയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുന്നു എന്നുള്ള വിശ്വാസം നമുക്ക് ആശ്വാസം പകരുന്നു. മലങ്കര സഭയുടെ ആധുനിക ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കു വഹിച്ച അഭിവന്ദ്യ പിതാവിന്റെ വിയോഗം നമുക്ക് ഒരു നഷ്ടം തന്നെയാണ്. സത്യത്തിന്റെയും, ചരിത്രത്തിന്റെയും, അന്വേഷി എന്ന നിലയിൽ തിളങ്ങിയ പിതാവിന്റെ പാശ്ചാത്യ ലോകത്തിലെ സാന്നിധ്യവും പരിശുദ്ധ സഭയുടെ സ്വാതന്ത്ര്യമായ നിലനിൽപ്പിനുവേണ്ടി അദ്ദേഹം നൽകിയ സംഭാവനകളും വിലമതിക്കാനാവാത്തതാണ്. പരിശുദ്ധ സഭയുടെ ബോംബെ, അമേരിക്ക, കാനഡാ - യു.കെ - യൂറോപ്പ്, മെത്രാസനങ്ങളുടെ വളർച്ചയിൽ ആ പിതാവ് വഹിച്ച പങ്ക് ഒരു കാലത്തും വിസ്മരിക്കാവുന്നതല്ല. കഴിഞ്ഞ 80 വർഷം നീണ്ടു നിന്ന നശ്വര ജീവിതത്തിന് പരിസമാപ്തി കുറിക്കുമ്പോൾ അനശ്വരതയിൽ സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഒരു പിതാവുകൂടി ചേർക്കപ്പെട്ടിരിക്കുന്നു എന്നുള്ള പ്രത്യാശ നമ്മെ ധൈര്യപ്പെടുത്തട്ടെ.

വാത്സല്യ മക്കളെ,

കാലം ചെയ്ത അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ മുപ്പതാം അടിയന്തിരം 2008 മാർച്ച് മാസം 23-ാം തീയതി ഞായറാഴ്ച ഉയിർപ്പു പെരുന്നാളിൽ ആകയാൽ അന്നേദിവസം നമ്മുടെ എല്ലാ ദേവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തണം. അഭിവന്ദ്യ പിതാവിന്റെ നാൽപതാം അടിയന്തിരം 2008 ഏപ്രിൽ മാസം 2 - ാം തീയതി ബുധനാഴ്ച ആ പിതാവ് അന്ത്യ വിശ്രമം കൊള്ളുന്ന ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് ആചരിക്കുന്നതാണ്. ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകും.

(മറുപുറം)

2-ാം തീയതി ബുധനാഴ്ച രാവിലെ 8 മണിക്കാരംഭിക്കുന്ന വി. കുർബ്ബാനയിലും, ധൂപപ്രാർത്ഥനയിലും തുടർന്നു നടക്കുന്ന അടിയന്തിര ചടങ്ങുകളിലും സഭാമക്കൾ ഏവരും നേർച്ച കാഴ്ചകളുമായി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം പ്രത്യേകം ഓർമിപ്പിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.**

2008 മാർച്ച് മാസം 12-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.